1997-98 - 274.89 കോടി രൂപ

1998-99 ലെ പുതുക്കിയ ബഡ്ജറ്റ് അനുസരിച്ച് ചെലവാകുമെന്ന് കണക്കാക്കപ്പെട്ടിട്ടുള്ളത് 324.87 കോടി രൂപയാണ്.

(ഇ) പ്രതിവർഷം 492 കോടി രൂപ.

സംസ്ഥാനത്ത് നിലവിലുള്ള ലോഡ് ഷെഡ്ഡിംഗ്

127 (910)ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടണപ്രദേശങ്ങളിൽ പിൻവലിച്ച വിദ്യുച്ഛക്തി ലോഡ് ഷെഡ്ഡിംഗ് സംസ്ഥാനത്താകെ പിൻവലിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്താകെ വിദ്യുച്ഛക്തി ലോഡ്ഷെഡ്ഡിംഗ് എപ്പോൾ പിൻവലിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പീക്ക്ലോഡ് സമയത്തെ ആവശ്യത്തിനനുസരിച്ചുള്ള വൈദ്യുതി വഹിക്കുന്നതിന് പ്രസരണവിതരണശൃംഖലയുടെ ശേഷി കുറവാണ് ലോഡ്ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിക്കാതിരിക്കുന്നതിനുള്ള തടസ്സങ്ങൾ.

(ബി) പ്രസരണ-വിതരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് പരിപാടികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കിവരുന്നു. ശൃംഖലയുടെ ശേഷി വർദ്ധിക്കുന്നതനുസരിച്ച് ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കുന്നതാണ്.

ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനുള്ള നടപടി

128 (911)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ജോർജ് ജെ. മാത്യൂ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോഡ്ഷെഡ്ഡിംഗ് നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ ലോഡ് ഷെഡ്ഡിംഗ് തുടരുന്ന സാഹചര്യമെന്താണ്;

(സി) ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന ജലവൈദ്യുതിയും താപവൈദ്യുതിയും എത്രയാണ്;

(ഡി) വിലയ്ക്കു വാങ്ങുന്ന താപവൈദ്യുതിയും കേന്ദ്രഗ്രിഡിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയും എത്രയാണ്;

(ഇ) ഇത്രയും വൈദ്യുതി ലഭ്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly